# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 18.06.2013ൽ

ചോദ്യം നമ്പർ : 201 മറുപടിക്ക്.

### വ്യവസായ വകുപ്പിൽ പദ്ധതി പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. സി. കെ. സദാശിവൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പുമന്ത്രി) |
| എ) വ്യവസായ വകുപ്പിൽ പദ്ധതി പ്രവർത്തനം താളം തെറ്റുന്നുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; | എ) വ്യവസായ-വാണിജ്യ വകുപ്പിന്റെ പദ്ധതികളെല്ലാം തന്നെ ശരിയായ രീതിയിൽ നടന്നു വരുന്നു. |
| ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് പദ്ധതി വിഹിതമായി ഏതെല്ലാം ഇനത്തിൽ എത്ര കോടിരൂപയാണ് അനുവദിച്ചതെന്നും ഇതിൽ ഓരോ ഇനത്തിലും 31-3-2013 വരെ എന്തു തുക ചെലവഴിച്ചു എന്നും എത്ര തുക ചെലവഴിക്കാൻ സാധിക്കാതെ പോയെന്നും ഇതിനുള്ള കാരണമെന്തെന്നും വിശദമാക്കുമോ; | ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് അനുവദിച്ച പദ്ധതി വിഹിതവും ആ തുക ചെലവഴിച്ചതിന്റെ കണക്കും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) വ്യവസായ വകുപ്പിന്റെ അവലോകന യോഗത്തിൽ ഇതു സംബന്ധിച്ച് എന്തെല്ലാം ചർച്ചകൾ നടത്തിയെന്നും അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്നും വിശദമാക്കുമോ;<br><br>ഡി) ബജറ്റ് വിഹിതം ചെലവഴിക്കാൻ കഴിയാതിരുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ? | സി) & ഡി)<br>പദ്ധതി ഇനത്തിൽ വക കൊള്ളിച്ചിരുന്ന തുക സമയബന്ധിതമായി അനുവദിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ വിളിച്ചു കൂട്ടിയിരുന്നു. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിനു മുന്നിൽ അവതരിപ്പിക്കേണ്ട നിർദ്ദേശങ്ങളും കൃത്യമായിത്തന്നെ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വ്യവസായ വകുപ്പിൽ നടന്നുവരുന്ന പ്രതിവാര അവലോകന യോഗത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികളുടെ പുരോഗതി ചർച്ച ചെയ്യാറുണ്ട്. ഇത്തരത്തിൽ 2012-13 വർഷത്തെ പദ്ധതി വിഹിതം പരമാവധി ചെലവഴിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ട്.<br>കൂടാതെ ഏതെങ്കിലും ഒരു വകുപ്പോ സ്ഥാപനമോ മനഃപൂർവ്വം ബഡ്ജറ്റ് വിഹിതം ലാപ്സ് ആക്കിയതായോ ചെലവഴിക്കാതിരുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം. | വകുപ്പ് | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) | ചെലവാക്കാൻ സാധിക്കാത്ത തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് | 5930 | 5071.26 | 858.74 |
| 2 | കൈത്തറി & ടെസ്റ്റയിൽസ് ഡയറക്ടറേറ്റ് | 8069.51 | 6757.7 | 1311.8 |
| 3 | മൈനിംഗ് & ജിയോളജി | 211 | 187.95 | 23.05 |
| 4 | കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് | 1281 | 792 | 489 |
| 5 | കെ.എസ്.ഐ.ഡി.സി. | 9292 | 5227 | 4065 |
| 6 | കിൻഫ്ര | 8000 | 7837.05 | 162.95 |
| 7 | കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് | 100 | .. | 100 |
| 8 | റിയാബ് | 100 | 100 | – |
| 9 | പൊതുമേഖലാ സ്ഥാപനങ്ങൾ | 7020 | 7017.35 | 2.65 |
| 10 | കാപെക്സ് | 2300 | 2300 | – |
| 11 | കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ | 3790 | 3790 | – |
| 12 | കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി | 410 | 11 | 399 |
| 13 | SDG for HDCK | 500 | 500 | |
| 14 | Rejuvenation of Textile Sector | 6000 | 2760 | 3240 |
| 15 | Addl. authorization of Steel Complex | 1304.70 | 1304.70 | |

2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ വകയിരുത്തിയിരുന്ന തുക ചെലവാക്കാൻ കഴിഞ്ഞിട്ടില്ലാത്ത പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

DIC

1. നിലവിലുള്ള വ്യവസായ പ്രദേശങ്ങളുടെയും പ്ലോട്ടുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - 200 ലക്ഷം രൂപ. ഈ പദ്ധതിപ്രകാരം അടങ്കൽ തുകയുടെ 70% സർക്കാർ വിഹിതവും 30% ഗുണഭോക്തൃ വിഹിതവുമാണ്. ഈ വിഹിതം പൂർണ്ണമായും വഹിക്കാവുന്ന പ്രൊപ്പോസലുകൾ ലഭിക്കാത്തതിനാൽ തുക ചിലവഴിക്കാൻ സാധിച്ചിട്ടില്ല.
2. പുതിയ സ്ഥലം ഏറ്റെടുക്കുന്നതിനും PPP മോഡുപ്രകാരമുള്ള വികസനത്തിനും - 200 ലക്ഷം രൂപ. അർഹരായ മതിയായ അപേക്ഷകർ ഉണ്ടായിരുന്നില്ല.
3. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള ഗ്രാന്റ് NCDC പദ്ധതികൾ - 25 ലക്ഷം രൂപ. അർഹരായ മതിയായ അപേക്ഷകർ ഉണ്ടായിരുന്നില്ല.

## DHT

1. ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം - 810.47 ലക്ഷം രൂപ. NCDC-യുടെ അംഗീകാരം ലഭിക്കാതിരുന്നതിനാൽ തുക ചെലവഴിക്കാൻ സാധിച്ചില്ല
2. കൈത്തറി നെയ്ത്തുകാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്കായി 23.25 ലക്ഷം രൂപ - അംഗങ്ങളെ ചേർക്കുന്നതിനും പോളിസി പുതുക്കുന്നതിനുമുള്ള കാലാവധി 2012 നവംബറിൽ തീർന്നതിനാൽ അതിനുശേഷം വന്ന അപേക്ഷകൾ പരിഗണിക്കാൻ സാധിച്ചില്ല.
3. കൈത്തറി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി - 18 ലക്ഷം രൂപ - അർഹരായ അപേക്ഷകർ ഇല്ലാതിരുന്നതിനാൽ 9.12 ലക്ഷം രൂപയെ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.
4. നെയ്ത്തുകാർക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കും പ്രചോദന പരിപാടി - 200 ലക്ഷം രൂപ - അർഹരായ അപേക്ഷകൾ ഇല്ലാത്തതിനാൽ 71.98 ലക്ഷം രൂപ മാത്രമേ ഉപയോഗിക്കുവാൻ സാധിച്ചുള്ളൂ.

## KKVIB

ഖാദി ബോർഡിനും ബോർഡിന്റെ ജില്ലാ പ്രോജക്ടുകൾക്കും പുതിയ TSB അക്കൗണ്ടുകൾ തുടങ്ങേണ്ടി വരുകയും തുക ആ അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിന് കാലതാമസം നേരിടുകയും ചെയ്തു.

## KSIDC

ലൈഫ് സയൻസ് പാർക്ക് പദ്ധതി വിഹിതമായ 10 കോടി രൂപ നബാർഡിന്റെ RIDF സ്കീം പ്രകാരമായിതിനാൽ അത് അനുവദിച്ചു കിട്ടിയില്ല. KSIDC യുടെ പദ്ധതി വിഹിതത്തിൽനിന്നും 27.60 കോടി രൂപ സറണ്ടർ ചെയ്തു.

## കിൻഫ്ര

സ്റ്റേറ്റ് ഫുഡ് പ്രോസസിംഗ് മിഷന് 2012-13 വർഷം അനുവദിച്ച തുകയിൽ 162.95 ലക്ഷം രൂപ, കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ഒരു തുടർ പദ്ധതിയുടെ ഭാഗമായതിനാൽ, ഈ സാമ്പത്തിക വർഷം ആദ്യം തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് കശുമാവ് കൃഷി വികസനത്തിനായി 2012-13 വർഷം 410 ലക്ഷം രൂപ അനുവദിച്ചു. എന്നാൽ കഴിഞ്ഞ വർഷം വേണ്ടത്ര മഴ ലഭിക്കാത്തതിനാൽ 11 ലക്ഷം രൂപ മാത്രമെ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ.